# നെഹ്രു ട്രോഫി വിളംബര ജാഥയ്ക്ക് കൊല്ലത്തും പത്തനംതിട്ടയിലും ഊഷ്മള സ്വീകരണം

## - ഇന്ന് കോട്ടയം ജില്ലയിൽ

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ കൈയൊപ്പുപതിഞ്ഞ നെഹ്റു ട്രോഫിയുമായുള്ള വിളംബരജാഥ കൊല്ലം, പത്തനംതിട്ട ജില്ലകളിൽ പര്യടനം പൂർത്തിയാക്കി. 64ാമത് നെഹ്രുട്രോഫി വള്ളംകളിയുടെ പ്രചരണാർത്ഥമാണ് നെഹ്റു ട്രോഫിയുമായി വിളം

ബര ജാഥ ജില്ലകളിൽപര്യടനം നടത്തുന്നത്. പത്തനംതിട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റേയും പ്രസ് ക്ലബിന്റേയും സംയുക്താഭിമുഖ്യത്തിൽ മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ സ്വീകരണം നൽകി. പ്രസ് ക്ലബ് പ്രസിഡന്റ് സാം ചെമ്പകത്തിൽ, സെക്രട്ടറി എബ്രഹാം തടിയൂർ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ പ്രതീഷ് ഡി. മണി, നെഹ്രു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നമായ കുഞ്ഞനെ വരച്ച പത്രപ്രവർത്തകൻ കൂടിയായ സജിത് പരമേശ്വരൻ എന്നിവർ സ്വീകരണത്തിന് നേതൃത്വം നൽകി.

വിളംബരജാഥയ്ക്ക് കൊല്ലം ജില്ലയിൽ പ്രസ്ക്ലബ്ബിലും കൊട്ടാരക്കര, അടൂർ, ചവറ, കരുനാഗപ്പള്ളി എന്നിവിടങ്ങളിലും സ്വീകരണം നൽകി. കൊല്ലത്തെയും പത്തനംതിട്ടയിലെയും പര്യടനം പൂർത്തിയാക്കി വിളംബരജാഥ ചെങ്ങന്നൂരിലെത്തി.

ജലോത്സവത്തിന്റെ ചരിത്രം രേഖപ്പെടുത്തിയ ഫോട്ടോ-വീഡിയോ പ്രദർശനം, നാടകാചാര്യൻ കാവാലം നാരായണപ്പണിക്കർ രചിച്ച ഉണർത്തുപാട്ട്, നെഹ്റു ട്രോഫി ഡോക്യുമെന്ററി പ്രദർശനം എന്നിവ പരിപാടിയുടെ സവിശേഷതകളാണ്. വിവിധ കാലങ്ങളിലെ നെഹ്രു ട്രോഫി ജലമേളയുടെ 75 ഫോട്ടോകൾ വിളംബരജാഥയുടെ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇന്ന്(11) രാവിലെ ഒമ്പതിന് തിരുവല്ലയിൽനിന്ന് പര്യടനം ആരംഭിക്കും. ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ്, ചിങ്ങവനം, കോട്ടയം പ്രസ്ക്ലബ്, കളക്ട്രേറ്റ്, തിരുനക്കര, താഴത്തങ്ങാടി എന്നിവിടങ്ങളിൽ പര്യടനം നടത്തും. ഉച്ചകഴിഞ്ഞ് ര ിന് കോട്ടയം പ്രസ്ക്ലബിൽ പ്രസ്ക്ലബിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. 2.30ന് കളക്ട്രേറ്റിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. ഓഗസ്റ്റ് 12ന് കുമരകം, തലയാഴം, ഉല്ലല, വൈക്കം, വൈറ്റില, ഇടപ്പള്ളി, എറണാകുളം എന്നിവിടങ്ങളിൽ പര്യടനം നടത്തും. ഓഗസ്റ്റ് 13ന് അരൂർ, ചേർത്തല, തണ്ണീർമുക്കം, കലവൂർ എന്നിവിടങ്ങളിൽ പര്യടനം നടത്തുന്ന ജാഥ ആലപ്പുഴയിൽ സമാപിക്കും.

(പി.എൻ.എ. 1460/16)